എ.വൈ.ആർ

സൂറ-10

# യൂനുസ്

مَتَـٰعٌ فِى ٱلدُّنْيَا ثُمَّ إِلَيْنَا مَرْجِعُهُمْ ثُمَّ نُذِيقُهُمُ ٱلْعَذَابَ ٱلشَّدِيدَ بِمَا
كَانُوا۟ يَكْفُرُونَ ﴿٧٠﴾

70 ഭൗതിക ജീവിതത്തിന്റെ ക്ഷണിക സുഖം അവരനുഭവിച്ചുകൊള്ളട്ടെ. അനന്തരം അവരുടെ മടക്കം നമ്മുടെ സന്നിധിയിലേക്കാകുന്നു. പിന്നെ അവരനുവർത്തിച്ച ധർമധിക്കാരത്തിന്റെ പേരിൽ നാം കൊടൂരമായ ദണ്ഡനമാസ്വദിപ്പിക്കുന്നതാകുന്നു.

۞ وَٱتْلُ عَلَيْهِمْ نَبَأَ نُوحٍ إِذْ قَالَ لِقَوْمِهِۦ يَـٰقَوْمِ إِن كَانَ كَبُرَ عَلَيْكُم
مَّقَامِى وَتَذْكِيرِى بِـَٔايَـٰتِ ٱللَّهِ فَعَلَى ٱللَّهِ تَوَكَّلْتُ فَأَجْمِعُوٓا۟
أَمْرَكُمْ وَشُرَكَآءَكُمْ ثُمَّ لَا يَكُنْ أَمْرُكُمْ عَلَيْكُمْ غُمَّةً ثُمَّ ٱقْضُوٓا۟ إِلَىَّ
وَلَا تُنظِرُونِ ﴿٧١﴾

71 പ്രവാചകൻ അവർക്ക് നൂഹിന്റെ മഹാ സംഭവം പറഞ്ഞുകൊടുക്കുക. അദ്ദേഹം സ്വജനത്തോട് പറഞ്ഞു: എന്റെ ജനമേ ഈ നാട്ടിൽ എന്റെ സാന്നിധ്യവും ദൈവിക സൂക്തങ്ങൾ കേൾപ്പിച്ചുകൊണ്ടുള്ള ഉദ്ബോധനവും നിങ്ങൾക്ക് അസഹ്യമായിരിക്കുന്നുവെങ്കിൽ ഞാനെന്റെ കാര്യം അല്ലാഹുവിൽ ഭരമേൽപിക്കുന്നു. ഇനി നിങ്ങളും നിങ്ങളുടെ ദൈവങ്ങളും ചേർന്ന് ഒരു സംയുക്ത തീരുമാനമെടുത്തുകൊള്ളുക. പിന്നെ ആ തീരുമാനത്തിൽ ഒരുവിധ അവ്യക്തതയുമുണ്ടാവരുത്. എന്നിട്ട് എനിക്കെതിരെ അത് നടപ്പിലാക്കിക്കൊള്ളുക. ഞാൻ രക്ഷപ്പെടാൻ ഒട്ടും അവസരം തരേണ്ടതില്ല.

فَإِن تَوَلَّيْتُمْ فَمَا سَأَلْتُكُم مِّنْ أَجْرٍ ۖ إِنْ أَجْرِىَ إِلَّا عَلَى
ٱللَّهِ ۖ وَأُمِرْتُ أَنْ أَكُونَ مِنَ ٱلْمُسْلِمِينَ ﴿٧٢﴾

72 നിങ്ങൾ എന്റെ ഉദ്ബോധനത്തിൽനിന്ന് പുറംതിരിഞ്ഞുപോകുന്നുവെങ്കിൽ എനിക്കെന്തു നഷ്ടം! ഞാനീ ദൗത്യത്തിന് നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിച്ചില്ലല്ലോ. എന്റെ പ്രതിഫലമോ, അല്ലാഹുവിങ്കൽ മാത്രമാകുന്നു. അല്ലാഹുവിന്റെ ആജ്ഞാനുവർത്തിയായിരിക്കാനത്രെ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്.

| |
|---|
| مَتَـٰعٌ= വിഭവം, വിഭവങ്ങളുടെ ആസ്വാദനം (ക്ഷണിക സുഖം ആസ്വദിച്ചു കൊള്ളട്ടെ) |
| فِى ٱلدُّنْيَا= ഇഹത്തിൽ(ഭൗതിക ജീവിതത്തിന്റെ) ثُمَّ= അനന്തരം إِلَيْنَا= നമ്മിലേക്ക്(നമ്മുടെ സന്നിധിയിലേക്ക്) ആകുന്നു |

مَرْجِعُهُمْ= അവരുടെ മടക്കം ثُمَّ نُذِيقُهُمُ= നാം അവരെ ആസ്വദിപ്പിക്കുന്നതാകുന്നു ٱلْعَذَابَ ٱلشَّدِيدَ= കൊടൂരമായ ദണ്ഡനം

بِمَا كَانُوا۟ يَكْفُرُونَ= (അവരനുവർത്തിച്ച ധർമധിക്കാരത്തിന്റെ പേരിൽ) അവർ നിഷേധിച്ചിരുന്നതിന്

وَٱتْلُ عَلَيْهِمْ= അവർക്ക് ഓതിക്കൊടുക്കുക, പറഞ്ഞുകൊടുക്കുക نَبَأَ= മഹാ സംഭവം, കഥ, വാർത്ത نُوحٍ= നൂഹിന്റെ

إِذْ قَالَ= അദ്ദേഹം പറഞ്ഞ(ു)പ്പോൾ لِقَوْمِهِۦ= സ്വജനത്തോട് يَٰقَوْمِ= എന്റെ ജനമേ

إِن كَانَ كَبُرَ عَلَيْكُم= നിങ്ങൾക്ക് വലിയത് (അസഹ്യം) ആയിരിക്കുന്നുവെങ്കിൽ مَّقَامِى= (ഈ നാട്ടിൽ) എന്റെ വാസം, സാന്നിധ്യം

وَتَذْكِيرِى= എന്റെ ഉദ്ബോധനവും بِـَٔايَٰتِ ٱللَّهِ= ദൈവിക സൂക്തങ്ങൾ (കേൾപ്പിച്ചു)കൊണ്ടുള്ള

فَعَلَى ٱللَّهِ= എങ്കിൽ ഞാൻ അല്ലാഹുവിൽ تَوَكَّلْتُ= (എന്റെ കാര്യം) ഭരമേൽപിച്ചിരിക്കുന്നു

فَأَجْمِعُوٓا۟ أَمْرَكُمْ= ഇനി നിങ്ങളുടെ കാര്യത്തെ ഒരുമിച്ചുകൂട്ടുക (സംയുക്തമായ തീരുമാനമെടുത്തുകൊള്ളുക)

وَشُرَكَآءَكُمْ= (ദൈവങ്ങളും ചേർന്ന്) നിങ്ങളുടെ പങ്കാളികളും ثُمَّ= പിന്നെ

لَا يَكُنْ أَمْرُكُمْ عَلَيْكُمْ= നിങ്ങൾക്ക് നിങ്ങളുടെ തീരുമാനം(നത്തിൽ ഉണ്ടാവരുത്) ആവാതിരിക്കട്ടെ غُمَّةً= (ഒരുവിധ) അവ്യക്തത(യും)

ثُمَّ ٱقْضُوٓا۟ إِلَىَّ= എന്നിട്ട് എന്നിലേക്ക് വിധിക്കുവിൻ (എനിക്കെതിരെ ആ തീരുമാനം നടപ്പിലാക്കിക്കൊള്ളുക)

وَلَا تُنظِرُونِ= നിങ്ങൾ എനിക്ക് (രക്ഷപ്പെടാൻ ഒട്ടും) അവസരം തരേണ്ടതില്ല

فَإِن تَوَلَّيْتُمْ= നിങ്ങൾ (എന്റെ ഉദ്ബോധനത്തിൽനിന്ന്) പുറംതിരിഞ്ഞുപോകുന്നുവെങ്കിൽ (എനിക്കെന്തു നഷ്ടം!)

فَمَا سَأَلْتُكُم= ഞാൻ നിങ്ങളോട് ചോദിച്ചില്ല(ല്ലോ) مِّنْ أَجْرٍ= യാതൊരു പ്രതിഫലവും إِنْ أَجْرِىَ= എന്റെ പ്രതിഫലം(മോ)

إِلَّا عَلَى ٱللَّهِ= (അല്ലാഹുവിങ്കൽ മാത്രമാകുന്നു) അല്ലാഹുവിന്റെ പേരിൽ അല്ലാതെ وَأُمِرْتُ= ഞാൻ കൽപിക്കപ്പെട്ടു(ട്ടിരിക്കുന്നത്)

أَنْ أَكُونَ= ഞാൻ ആയിരിക്കൽ(രിക്കാനത്രെ) مِنَ ٱلْمُسْلِمِينَ= (അല്ലാഹുവിന്റെ ആജ്ഞാനുവർത്തി) മുസ്‌ലിംകളിൽ പെട്ടവൻ

**70:** مَتَٰعٌ فِى ٱلدُّنْيَا എന്ന വാക്യം, ആഖ്യ അനുക്തമായ ആഖ്യാതമാണ്. പൂർണരൂപം لهم متاع فى الدنيا (അവർക്കുള്ളത് ക്ഷണികമായ ഭൗതിക സുഖഭോഗമാണ്). അതിനുശേഷം فليتمتّعوا بها(അതവരനുഭവിച്ചുകൊള്ളട്ടെ) എന്നോ, അതിനു സമാനമായ അർഥത്തിലുള്ളതോ ആയ വാക്കുകൂടി അനുക്തമായിട്ടുണ്ടെന്ന് ثُمَّ إِلَيْنَا مَرْجِعُهُمْ എന്നവാക്യം സൂചിപ്പിക്കുന്നു. പ്രവാചകന്റെ മക്കാ ജീവിത കാലത്ത് മുസ്‌ലിംകൾ വളരെ ദുർബലരും അരക്ഷിതരുമായിരുന്നല്ലോ. അവരെ എതിർത്തിരുന്ന അവിശ്വാസികളാകട്ടെ, വളരെ ശക്തരും പ്രതാപികളും. തങ്ങളുടെ ശക്തിയും സമ്പത്തും പ്രതാപവും, തങ്ങളുടെ വിശ്വാസങ്ങളും ആചാരങ്ങളും സത്യമാണെന്നതിന്റെ സാക്ഷ്യമായി ചൂണ്ടിക്കാണിക്കാറുണ്ടായിരുന്നു. അവരുടെ ആരാധ്യരെല്ലാം മിഥ്യയാണെന്നും അവരെ പിന്തുടരുന്നുവെന്ന പേരിൽ അവർ ആചരിച്ചു വരുന്ന നിയമങ്ങൾ അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമച്ചതാണെന്നും അതൊന്നും അവരുടെ ജീവിതത്തെ സഫലമാക്കുകയില്ലെന്നും ഖുർആൻ പറയുമ്പോഴൊക്കെ ഈ വാദം ഉന്നയിക്കപ്പെടുമായിരുന്നു. അതിനു മറുപടിയായി പറയുകയാണ്: ഏതാനും നാളത്തെ ഭൗതിക ജീവിതത്തിന്റെ ക്ഷണിക വിഭവങ്ങളെച്ചൊല്ലിയാണ് അവർ നിഗളിക്കുന്നത്. ഭൗതിക വിഭവങ്ങൾ വിതരണം ചെയ്യപ്പെടുന്നത് ഗുണഭോക്താക്കളുടെ സത്യനിഷ്ഠയും ധാർമികതയും നോക്കിയല്ല. ശിഷ്ട ജനത്തിനും ദുഷ്ട ജനത്തിനും അതനുഭവിക്കാൻ അല്ലാഹു അവസരം നൽകിക്കൊണ്ടിരിക്കും. അതിനുശേഷം അവരെല്ലാവരും അല്ലാഹുവിന്റെ സന്നിധിയിൽ തിരിച്ചെത്തേണ്ടതുണ്ട്. കർമഫലം വിതരണം ചെയ്യപ്പെടുന്നത് അപ്പോഴാണ്. ഈ ലോകത്ത് അസത്യത്തിലും അധർമത്തിലും വിഹരിച്ച് ഭൗതിക സുഖമനുഭവിച്ചവരെ അവിടെവെച്ച് അല്ലാഹു, അസത്യത്തിന്റെയും അധർമത്തിന്റെയും കർമഫലമായി കൊടൂരമായ ദണ്ഡനം ആസ്വദിപ്പിക്കുന്നതാണ്. ശാശ്വതമായ ആ ശിക്ഷാനുഭവത്തിനു മുന്നിൽ ഈ ലോകത്തനുഭവിച്ച ക്ഷണികസുഖങ്ങൾ ഒന്നുമായിരിക്കില്ല. ഈ ലോകത്തെ മൊത്തം ജീവിതം തന്നെ ഒരു പകലിന്റെ ഏതാനും മണിക്കൂറുകൾ മാത്രം നീണ്ട അനുഭവമായിട്ടേ അവിടെ തോന്നൂ.

**71:** ഇവിടം മുതൽ കുറെ സൂക്തങ്ങളിൽ നൂഹ്, മൂസാ, യൂനുസ്(അ) തുടങ്ങിയ പ്രവാചകന്മാരുടെ കഥകളുദ്ധരിക്കുകയാണ്. ഏകദൈവത്വം, പ്രവാചകത്വം, പരലോകം തുടങ്ങിയ യാഥാർഥ്യങ്ങളും അവ നിഷേധിക്കുന്നവർക്കുള്ള താക്കീതും, നിഷേധിക്കുന്നവരുടെ ദ്രോഹവും പരിഹാസവും സാരമാക്കാതെ ദൗത്യവുമായി മുന്നോട്ടുപോകണമെന്ന് പ്രവാചകനോടുള്ള ഉപദേശവുമായിരുന്നു മുൻ സൂക്തങ്ങളുടെ ഉള്ളടക്കം. ധർമവിരോധികൾ ഒടുവിൽ പരാജയപ്പെടുകതന്നെ ചെയ്യുമെന്നും ആത്യന്തിക വിജയം പ്രവാചകന്മാർക്കും അവരിൽ വിശ്വസിച്ചവർക്കുമായിരിക്കുമെന്നും വിശദമാക്കപ്പെട്ടു. തുടർന്ന് അതിനുള്ള ഏതാനും ഉദാഹരണങ്ങളായിട്ടാണ് ഇവിടെ കഥകൾ അനുസ്മരിക്കുന്നത്. സൂറയുടെ ആദ്യഭാഗത്ത് അധർമികളായതിന്റെ ഫലമായി അനേകം സമുദായങ്ങളെ അല്ലാഹു നശിപ്പിച്ചിട്ടുണ്ടെന്നും (സൂക്തം 13), ഇക്കൂട്ടരെപ്പോലെ മുമ്പ് സത്യധർമങ്ങളെ തള്ളിപ്പറഞ്ഞിട്ടുള്ള ജനതകളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് ചിന്തിക്കണമെന്നും (സൂക്തം 39), എല്ലാ സമൂഹങ്ങളിലേക്കും ദൂതന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ടെന്നും, ദൗത്യ നിർവഹണത്തെത്തുടർന്ന് ആ ജനതയുടെ ഗതി നീതിപൂർവം വിധിക്കപ്പെടുന്നതാണെന്നും (സൂക്തം 47) പൊതുവായി പറഞ്ഞിട്ടുള്ളതിന്റെ വ്യക്തമായ സാക്ഷ്യങ്ങളും ഉദാഹരണങ്ങളും കൂടിയാണിത്.

ഗൗരവമുള്ള വാർത്തയാണ് نَبأ. കഥ, ചരിത്രം, സംഭവം

തുടങ്ങിയ അർഥങ്ങളിലും ഇത് ഉപയോഗിക്കുന്നു. നൂഹ് നബിയുടെ ചരിത്രം ഇവിടെ വിസ്തരിക്കുന്നില്ല. ആ ചരിത്രത്തിലെ നിർണായകമായ ഒരു മഹാ സംഭവം ഉദ്ധരിക്കുന്നേയുള്ളൂ. അതുകൊണ്ടാണ് نَبَأَ نُوحٍ നെ 'നൂഹിന്റെ മഹാ സംഭവം' എന്നു തർജമ ചെയ്തത്. നൂഹ് (അ) ഏതാണ്ട് ഒരു സഹസ്രാബ്ദക്കാലം സ്വജനത്തെ പ്രബോധനം ചെയ്തതായി സൂറ *അൽ അൻകബൂത്ത്* 14-ാം സൂക്തം പറയുന്നുണ്ട്. ഉറപ്പിച്ചു പറയാൻ തെളിവുകളില്ലെങ്കിലും ഈ ദീർഘായുസ്സ് അക്കാലത്തെ ജനങ്ങളുടെ ശരാശരി ആയുസ്സായി കൂടായ്കയില്ല. അങ്ങനെയാണെങ്കിൽ അത്രയും കാലം പ്രബോധനം ചെയ്തത് ഒരു തലമുറയെത്തന്നെയായിരിക്കണം. അങ്ങനെയല്ലെങ്കിൽ പല തലമുറകൾക്കുള്ള പ്രവാചകനായിരുന്നു നൂഹ് നബി എന്നു കരുതേണ്ടിവരും. ആയിരത്താണ്ടുകൾ പ്രബോധനം ചെയ്തിട്ടും ജനങ്ങളിൽ കാര്യമായ മാറ്റമൊന്നും ഉണ്ടായില്ല. വളരെ കുറച്ചാളുകളേ അദ്ദേഹത്തിൽ വിശ്വസിച്ചുള്ളൂ. ആളുകൾക്ക് കടുത്ത വെറുപ്പുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തെ എങ്ങനെ നേരിടണമെന്ന കാര്യത്തിൽ ഏകാഭിപ്രായമുണ്ടായിരുന്നില്ല എന്നാണ് പ്രകൃത സൂക്തത്തിൽനിന്ന് മനസ്സിലാകുന്നത്. അതുകൊണ്ടുതന്നെയാവാം ഇത്ര ദീർഘിച്ച കാലം ജീവാപായമില്ലാതെ അവർക്കിടയിൽ കഴിയാൻ അദ്ദേഹത്തിന് സാധിച്ചത്. അധികാരികളായ വരേണ്യവർഗത്തിന് ഭീഷണിയാകുംവണ്ണം നൂഹ് നബിയുടെ സന്ദേശത്തിന് സമൂഹത്തിൽ സ്വാധീനം നേടാൻ കഴിയാത്തതുകൊണ്ടാവാം പെട്ടെന്ന് അദ്ദേഹത്തിന്റെ ജീവിതം അവസാനിപ്പിക്കാൻ അവർ മുന്നോട്ടുവരാതിരുന്നത്. ഒടുവിൽ, ആ ജനതയുടെ ധർമധിക്കാരം ഭൂമിയിൽനിന്നുള്ള അവരുടെ ഉന്മൂലനം അനിവാര്യമാകുന്ന ഘട്ടത്തിലെത്തിയപ്പോൾ നൂഹ്(അ) അവരോട് പറയുകയാണ്: എന്റെ സമുദായമേ, നൂറ്റാണ്ടുകളായി ഞാൻ നിങ്ങളെ സത്യത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്നു. ഞാൻ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ കാണിച്ചുതന്നു. അവന്റെ സൂക്തങ്ങൾ ഓതിക്കേൾപ്പിച്ചു. അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ ധർമശാസനകൾ അനുസരിക്കുകയും ചെയ്താലുള്ള മെച്ചങ്ങളും, നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്താലുള്ള ആപത്തുകളും പേർത്തും പേർത്തും വിശദീകരിച്ചുതന്നു. പക്ഷേ എന്നെ വിശ്വസിക്കാനോ പിന്തുടരാനോ നിങ്ങളൊട്ടും തയാറായില്ല. എന്റെ ഉപദേശങ്ങൾ നിങ്ങളിൽ അഹന്തയും അധർമവും വളർത്തുകയേ ചെയ്തുള്ളൂ. ഇപ്പോൾ ഒരു ഉറച്ച തീരുമാനമെടുക്കേണ്ട അവസാന സമയമായിരിക്കുന്നു. ഒന്നുകിൽ എന്നെ വിശ്വസിക്കുകയും പിന്തുടരുകയും ചെയ്തുകൊണ്ട് നാശത്തിൽനിന്ന് രക്ഷപ്പെടുക. നിങ്ങൾക്ക് അപകടമൊന്നും വരാൻ പോകുന്നില്ലെന്നും നിങ്ങളുടെ ക്ഷേമത്തിനും സമാധാനത്തിനുമുള്ള ആപത്ത് നിങ്ങളിലുള്ള എന്റെ സാന്നിധ്യവും സന്ദേശ പ്രചാരണവുമാണെന്നുമാണ് കരുതുന്നതെങ്കിൽ എന്നെ അവസാനിപ്പിക്കാൻ നടപടിയെടുത്തു കൊള്ളുക. നിങ്ങളുടെ തീരുമാനം എന്തായാലും എനിക്ക് ഒട്ടും ഭയമില്ല. എന്റെ കാര്യങ്ങൾ പൂർണമായും എന്നെ നിയോഗിച്ച അല്ലാഹുവിൽ അർപ്പിച്ചിരിക്കുന്നു. എന്നെ നിലനിർത്താനാണ് അവന്റെ തീരുമാനമെങ്കിൽ നിങ്ങൾ സ്വീകരിക്കുന്ന ഒരു നടപടി കൊണ്ടും ഞാൻ അവസാനിക്കാൻ പോകുന്നില്ല. എന്നെ അവസാനിപ്പിക്കാനാണ് അവന്റെ തീരുമാനമെങ്കിൽ നിങ്ങളുടെ ഔദാര്യം കൊണ്ട് ഞാൻ രക്ഷപ്പെടാനും പോകുന്നില്ല. അവൻ എനിക്കു വിധിക്കുന്നത് മരണമായാലും ശരി ജീവിതമായാലും ശരി, അതിലായിരിക്കും എന്റെ രക്ഷ. അതിനാൽ ഞാനത് സസന്തോഷം സ്വാഗതം ചെയ്യും.

كَبُرَ عَلَيْكُم مَّقَامِى وَتَذْكِيرِى بِـَٔايَـٰتِ ٱللَّهِ എന്നാണ് മൂലവാക്യം. വലുതായി, ഗുരുതരമായി, ഭയങ്കരമായി എന്നൊക്കെയാണ് كَبُرَ യുടെ അർഥം. ഒരു കാര്യം ഒരാൾക്ക് ക്ലേശകരമായി, ഭാരമായി, ദുർവഹമായി എന്ന അർഥത്തിലുള്ള പ്രയോഗമാണ് كَبُرَ على. 'നിൽപ്' ആണ് مقام. വാസം, നിലപാട്, അവസ്ഥ തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കും. ഇവിടെ ഉദ്ദേശ്യം ആ സമൂഹത്തിലുള്ള നൂഹി(അ)ന്റെ സാന്നിധ്യമാണ്. بِـَٔايَـٰتِ ٱللَّهِ എന്നതുകൊണ്ട് ഉദ്ദേശ്യം നൂഹ് നബിക്ക് അവതരിച്ച വേദമാകാം. അതിന്റെ പേരെന്തായിരുന്നുവെന്ന് അറിയില്ല. ജൂബില ഗ്രന്ഥം എന്ന അപ്പോക്രിഫയിലെ 'നോഹയുടെ പുസ്തകം' എന്ന പരാമർശം നൂഹ് നബിക്ക് ലഭിച്ച വേദത്തെക്കുറിച്ചാവാമെന്ന് പണ്ഡിതന്മാർ പറയുന്നുണ്ട്. آيات الله അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുമാകാം. സൂക്തങ്ങളും ദൃഷ്ടാന്തങ്ങളും ഒരുമിച്ചും ഉദ്ദേശ്യമാകാവുന്നതാണ്.

إجماع-ൽനിന്നുള്ള നിർദേശക ബഹുവചന ക്രിയാരൂപമാണ് أجمعوا. ഒരുമിച്ചുകൂട്ടൽ എന്നാണ് إجماعന്റെ മൗലികമായ അർഥം. ഏകോപിതവും ദൃഢവുമായ അഭിപ്രായം, തീരുമാനം എന്ന് പ്രയോഗാർഥം. ഒരു വിഷയത്തിലുള്ള ശരീഅത്ത് നിയമം ഇന്നതാണെന്ന് ഇസ്‌ലാമിക പണ്ഡിതന്മാർ ഏകകണ്ഠമായി തീരുമാനിക്കുകയാണ് ശരീഅത്തിന്റെ സാങ്കേതിക ഭാഷയിൽ إجماع. 'അയാൾ ഉറച്ച തീരുമാനമെടുത്തു' എന്ന അർഥത്തിൽ أجمع أمره എന്നു പറയും; ഒരു സംഘം സംയുക്തമായി ഉറച്ച തീരുമാനമെടുക്കുന്നതിന് أجمعوا أمرهم എന്നും. شُرَكَآءَكُمْ എന്നതുകൊണ്ടുദ്ദേശ്യം ദൈവത്തിന്റെ പങ്കാളികളായി നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നവർ എന്നാണ്. തങ്ങൾക്കു മാത്രമല്ല, തങ്ങളാരാധിക്കുന്ന ദൈവങ്ങളെ നിഷേധിക്കുന്ന നൂഹിനോട് ആ ദൈവങ്ങൾക്കും കോപമുണ്ട് എന്നായിരുന്നു അവരുടെ നിലപാട്. അതുകൊണ്ടാണ് തന്നെ അവസാനിപ്പിക്കാനുള്ള നടപടി തീരുമാനിക്കുന്നതിൽ ദൈവങ്ങളെയും പങ്കെടുപ്പിക്കാൻ ആവശ്യപ്പെടുന്നത്.

മറയും മങ്ങലുമാണ് غُمَّةً. അഭിപ്രായങ്ങളുമായും തീരുമാനങ്ങളുമായും ബന്ധപ്പെടുത്തി غُمَّةً ഉപയോഗിക്കുമ്പോൾ അവ്യക്തതയും ആശയക്കുഴപ്പവുമാണ് വിവക്ഷ. എന്നെ അവസാനിപ്പിക്കുന്ന കാര്യത്തിൽ ഇതുവരെയുണ്ടായിരുന്ന അഭിപ്രായ വ്യത്യാസങ്ങളും ആശയക്കുഴപ്പങ്ങളും ഇനി നിങ്ങളും ദൈവങ്ങളും ചേർന്നെടുക്കുന്ന തീരുമാനത്തിൽ ഉണ്ടാവരുത് എന്നാണ് ثُمَّ لَا يَكُنْ أَمْرُكُمْ عَلَيْكُمْ എന്ന വാക്യത്തിലൂടെ വ്യക്തമാക്കുന്നത്. വിധി എന്നും വിധി നടപ്പാക്കൽ എന്നും അർഥമുള്ള قضاء-ൽനിന്നുള്ള നിർദേശകക്രിയയാണ് اقْضُوٓا.

ഇവിടെ اقْضُوٓا ന് ശേഷം إِلَىَّ (എന്നിലേക്ക്) എന്ന് വന്നതിനാൽ അർഥം, 'തീരുമാനം നടപ്പിലാക്കുക' എന്നാണെന്നു സ്പഷ്ടമാകുന്നു. എടുക്കുന്ന തീരുമാനം ഉടനെ എന്റെ മേൽ നടപ്പാക്കിക്കൊള്ളുക എന്നാണ് اقْضُوٓا إِلَىَّ എന്ന വാക്യത്തിന്റെ താൽപര്യം. മറുതന്ത്രങ്ങൾ കണ്ടുപിടിച്ച് നിങ്ങളുടെ തീരുമാനത്തെ മറികടന്ന് രക്ഷപ്പെടാൻ എനിക്കവസരം തരേണ്ട .......وَلَا تُنظِرُونِ.

**72:** അവസാന ഘട്ടത്തിൽ നൽകുന്ന ഈ അന്ത്യശാസനവും ഉൾക്കൊള്ളാൻ കൂട്ടാക്കാതെ പിന്തിരിഞ്ഞുപോവുകതന്നെയാണെങ്കിൽ മനസ്സിലാക്കിക്കൊള്ളുക, എനിക്ക് അതുകൊണ്ട് യാതൊരു നഷ്ടവും വരാനില്ല. നിങ്ങളുടെ നിഷേധം കൊണ്ട് എനിക്ക് നഷ്ടമുണ്ടാകണമെങ്കിൽ ഞാനീ ദൗത്യത്തിലേർപ്പെട്ടത് ഭൗതികമായ എന്തെങ്കിലും നേട്ടം ഉദ്ദേശിച്ചായിരിക്കണമല്ലോ. എന്നാൽ നിങ്ങളുടെ സമ്പത്ത്, ആദരവ്, ആരാധന, നിങ്ങളുടെ മേലുള്ള അധികാരം, യജമാനത്തം അങ്ങനെ യാതൊന്നും ഞാൻ

ആവശ്യപ്പെട്ടിട്ടില്ല. കർമം കൊണ്ട് കർത്താവ് ഉദ്ദേശിച്ച ഫലം ലഭിക്കാതിരിക്കുമ്പോഴാണല്ലോ കർമം നഷ്ടമാവുക. എന്റെ ദൗത്യത്തിന് ഞാൻ ഉദ്ദേശിച്ച ഫലം അല്ലാഹുവിന്റെ പ്രീതിയും അവങ്കൽനിന്നുള്ള രക്ഷയും മാത്രമാണ്. അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കാനാണ് അവൻ എന്നോട് ആജ്ഞാപിച്ചിട്ടുള്ളതും. അതനുസരിച്ച് പ്രവർത്തിക്കുകയാണ് ഞാൻ. أُمِرْتُ أَنْ أَكُونَ مِنَ ٱلْمُسْلِمِينَ എന്ന വാക്യത്തെ, 'ഞാൻ മുസ്‌ലിംകളിൽ പെട്ടവനായിരിക്കാൻ കൽപിക്കപ്പെട്ടിരിക്കുന്നു' എന്നും തർജമ ചെയ്യാവുന്നതാണ്. അല്ലാഹുവിനെ അനുസരിക്കുന്നവൻ, ജീവിതം അല്ലാഹുവിനു സമർപ്പിച്ചവൻ എന്നെല്ലാമാണല്ലോ മുസ്‌ലിമിന്റെ അർഥം. എല്ലാ പ്രവാചകന്മാരും മുസ്‌ലിംകളായിരുന്നു. ഇബ്‌റാഹീം നബിയോട് അല്ലാഹു മുസ്‌ലിമാവാൻ കൽപിക്കുകയും അദ്ദേഹം മുസ്‌ലിമായതായി സമ്മതിക്കുകയും ചെയ്തതും, യഅ്ഖൂബ് നബി തന്റെ മക്കളോട്, മുസ്‌ലിമായിട്ടല്ലാതെ മരിക്കാനിടയാകരുതെന്ന് വസ്വിയ്യത്ത് ചെയ്തതും സൂറ *അൽബഖറ* 131,132 സൂക്തങ്ങളിൽ പറയുന്നു. സൂറ *യൂസുഫ്* 101-ാം സൂക്തത്തിൽ യൂസുഫ് (അ) തന്നെ മുസ്‌ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളിൽ ചേർക്കുകയും ചെയ്യേണമേ എന്ന് പ്രാർഥിച്ചതായി ഉദ്ധരിക്കുന്നു. മൂസാ (അ) തന്റെ ജനത്തെ 'നിങ്ങൾ മുസ്‌ലിംകളാണെങ്കിൽ അല്ലാഹുവിൽ ഭരമേൽപിക്കുവിൻ' എന്ന് ഉപദേശിച്ചതായി ഈ സൂറയിലെ 84-ാം സൂക്തത്തിൽ പറയുന്നുണ്ട്. മൂസാ നബിയോട് ഏറ്റുമുട്ടിയ ആഭിചാരകന്മാർ ഒടുവിൽ 'ഞങ്ങളെ മുസ്‌ലിംകളായി മരിപ്പിക്കേണമേ' എന്ന് പ്രാർഥിച്ചതായി *അൽഅഅ്റാഫ്* 126-ാം സൂക്തത്തിൽ പറയുന്നു. സൂറ *അന്നംല്* 44-ൽ ബിൽഖീസ് രാജ്ഞി 'ഞാൻ സുലൈമാനോടൊപ്പം മുസ്‌ലിമായിരിക്കുന്നു' എന്നു പ്രസ്താവിച്ചതായി ഉദ്ധരിക്കുന്നു. തൗറാത്തിന്റെ വാഹകരായ പ്രവാചകന്മാരെല്ലാം മുസ്‌ലിംകളായിരുന്നുവെന്ന് *അൽമാഇദ* 44-ാം സൂക്തം പറയുന്നു. അതേ സൂറ 111-ാം സൂക്തത്തിൽ ഹവാരികൾ 'തങ്ങൾ മുസ്‌ലിംകളാണെന്ന് സാക്ഷ്യപ്പെടുത്തേണമേ' എന്നു പ്രാർഥിച്ചതായും ഉദ്ധരിക്കുന്നു. *അൽഅൻആം* 163-ാം സൂക്തത്തിൽ അന്ത്യപ്രവാചകൻ മുഹമ്മദ് നബിയും 'ഞാൻ മുസ്‌ലിംകളിൽ ഒന്നാമനാ'ണെന്ന് പ്രഖ്യാപിക്കുന്നു.

കൽപനയനുസരിച്ച് പ്രവർത്തിച്ചതിന് പ്രതിഫലം തരേണ്ടത് കൽപിച്ചവനാണ്. അതവൻ തരുമെന്ന് എനിക്ക് ഉത്തമ വിശ്വാസവും പ്രതീക്ഷയുമുണ്ട്. എന്നെ നിങ്ങളിലേക്ക് പ്രവാചകനായി അയച്ചതിലൂടെ, എന്റെ സത്യപ്രബോധനത്തിലൂടെ അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുകയായിരുന്നു. പക്ഷേ ആ അനുഗ്രഹം ഏറ്റുവാങ്ങാൻ നിങ്ങൾ കൂട്ടാക്കുന്നില്ലെങ്കിൽ അത് നിങ്ങളുടെ ദൗർഭാഗ്യം. ■